മാതൃഭൂമി

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ



മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം


MATHRUBHUMI SEED
DIGITAL NATURE MAGAZINE
LEAF - 03 JANUARY 2022

# ആകാശപ്പച്ച

## CONTENTS


എഡിറ്റോറിയൽ

കാട്ടിലെക്കാര്യം

കേരളം അറിയാൻ

ചിറകുള്ള ചങ്ങാതിമാർ

ഈ ഫോട്ടോ കാണാം

കൃഷിക്കാര്യം

സിനിമാപാട്ടിലെ പ്രകൃതി

ഇത് അതിശയം തന്നെ

തെറ്റ് ശരി

ലോകം എങ്ങനെ

പൂവറിവ്

വർണച്ചിറക്

## ഒറ്റവരയിലെ ലോകം




ആകാശപ്പച്ചയുടെ മൂന്നാമത്തെ ലക്കമാണിത്. പുതുവർഷത്തിലെ ആദ്യ ലക്കവും. വളരെ കുറഞ്ഞ വാചകങ്ങളിൽ ആശയങ്ങൾ അവതരിപ്പിക്കുന്ന രീതിക്ക് പൊതുവെ നല്ല സ്വീകാര്യതയാണ് ലഭിക്കുന്നത്. വാക്ക് ഉപയോഗിക്കുന്നതിലെ ഒതുക്കം വരയിലും പരീക്ഷിക്കാനുള്ള ശ്രമം ഈ ലക്കത്തിൽ നടത്തുകയാണ്. ഇതിലെ ചിത്രങ്ങൾ ഒറ്റവരച്ചിത്രങ്ങളാണ്. തുടക്കം മുതൽ ഒടുക്കം വരെ ഒരു വര മാത്രം ഉപയോഗിച്ച് ആശയം വ്യക്തമാക്കുന്നവ. പുതുമകൾ നമ്മെ മുന്നോട്ട് നയിക്കട്ടെ...

എഡിറ്റോറിയൽ

# എവിടെയാണ് ആഹാരം ആരംഭിക്കുന്നത്?

മണ്ണിലോ, ജലത്തിലോ, വായുവിലോ? എവിടെയാണ് ആഹാരം ഉണ്ടാവുന്നതിന്റെ തുടക്കം. മണ്ണിൽനിന്നാണ് എന്ന് പറയാം. ജലവും വായുവും അതിന് സഹായിക്കുകയും ചെയ്യുന്നു. പലവിധത്തിൽ ജീവികൾ ആഹാരമാക്കുന്നവയൊക്കെയും മണ്ണിൽ നിന്ന് വേർതിരിച്ച് ഭക്ഷ്യരൂപത്തിലാക്കുന്നത് സസ്യങ്ങളാണ്. വേരും തണ്ടും ഇലയുമൊക്കെ പണിപ്പെട്ട് നിലനിൽപ്പിനായി ഉണ്ടാക്കുന്ന ആഹാരം കവർന്നെടുത്താണ് മറ്റു ജീവികൾ വിശപ്പടക്കുന്നത്. എന്നാൽ മറ്റുള്ളവർക്കായി ചെടികളും മരങ്ങളും കരുതിവയ്ക്കുന്ന ചില ആഹാര സാധനങ്ങളുമുണ്ട്. പഴങ്ങളുടെ മധുരമുള്ള ഭാഗം അതിനുള്ളിലെ വിത്തിനെ, വളരാൻ അനുയോജ്യമായ സ്ഥലത്ത് എത്തിക്കുന്നതിനുള്ള പ്രതിഫലമാണ്, അതിനുള്ള നന്ദിയാണ്. പഴങ്ങൾ തിന്നുന്നവർ അവയുടെ വിത്ത്, വളരുമെന്ന് ഉറപ്പുള്ളസ്ഥലത്ത് വിതയ്ക്കുക എന്നതാണ് ഈ വിശ്വാസം നിലനിർത്താനുള്ള ഏറ്റവും നല്ല വഴി. പ്രകൃതിയുടെ ഭാഷ നമുക്ക് മനസ്സിലാവണം എങ്കിലേ നമ്മുടെ ജീവിതം സുരക്ഷിതമാവൂ.





കാട്ടിലെക്കാര്യം


# കാട് കനിയണം കാടിനോടും

ആദ്യജീവൻ കടലിലും തുടർന്ന് നിരവധി ജീവിവർഗങ്ങൾ കാടുകളിവും ആവിർഭവിച്ചു. അതിലൊരു ജീവിവർഗമാണ് വനനശീകരണം തുടങ്ങിയത്. വനം നശിച്ചാൽ മണ്ണൊലിച്ചു പോകും, മഴ മറഞ്ഞുപോകും. വന്യമൃഗങ്ങൾ നാട്ടിലേക്കിറങ്ങി വരും. ഇപ്പോൾത്തന്നെ വീട്ടുപറമ്പിലും മറ്റും മയിലുകൾ ധാരാളമായി വന്നുതുടങ്ങി. പെരുമ്പാമ്പ്, പന്നി, ആന ഇവയൊക്കെ നിരന്തരം നാട്ടിലിറങ്ങുന്നു. കാട്ടിലും നാട്ടിലും രക്ഷയില്ലാതെ പല ജീവികളും വംശനാശം നേരിടുന്ന കാലം അധികം അകലെയല്ല. കടത്തിണ്ണകളിൽ കണ്ടിരുന്ന അങ്ങാടിക്കുരുവികളും പതിവ് കാഴ്ചകളായ മൈനകളും വിരുന്നുകാരുണ്ടെന്നു വിളിച്ചറിയിക്കുന്ന കാവതികാക്കകളുമൊക്കെ കാണാപ്പുറങ്ങളിലേക്ക് മറഞ്ഞുതുടങ്ങി. വനത്തെ നശിപ്പിക്കുന്ന മനുഷ്യനടക്കം കുടിക്കാനുള്ള വെള്ളത്തിനും ശ്വസിക്കാനുള്ള വായുവിനും വേണ്ടി വനം കാത്തുരക്ഷിക്കാതെ വഴിയില്ല. കാടും, കാട്ടരുവിയും തിരിച്ചു പിടിക്കുകയും ഒലിച്ചു പോകുന്ന മണ്ണിനെ ചേർത്തുനിർത്തുകയും വേണം. കാലം തെറ്റാത്ത മഴയ്ക്കും ഒഴുക്കു നിലയ്ക്കാത്ത പുഴയ്ക്കും കാട് കനിയണം. അല്ലാതെ മറ്റുവഴിയൊന്നുമില്ല.

സായി ഗായത്രി പി.
ജി.യു.പി. സ്കൂൾ കൂട്ടക്കനി
കാസർകോട്

# കൈവിടരുത് നല്ല ശീലങ്ങളെ

**BEWARE OF PLASTIC**



**കോ**വിഡ് 19 വരുന്നതിന് മുമ്പ് നമ്മൾ പ്ലാസ്റ്റിക് ഉപയോഗത്തിൽ വലിയ നിയന്ത്രണങ്ങൾ പാലിക്കാൻ തുടങ്ങിയിരുന്നു. നല്ല ശീലങ്ങളിൽ ഒന്നായിരുന്നു പ്ലാസ്റ്റിക്ക് ഉപയോഗം കുറയ്ക്കുന്നതിലെ ശ്രദ്ധ. എന്നാൽ കോവിഡ് മഹാമാരിക്കാലം എല്ലാം തകിടം മറിച്ചു. ഇപ്പോൾ പ്ലാസ്റ്റിക്കിന്റെ അലക്ഷ്യമായ ഉപയോഗം തിരിച്ചു വന്നിരിക്കുന്നു. വലിച്ചെറിയപ്പെടുന്ന പ്ലാസ്റ്റിക്കിന്റെ അളവ് കൂടി. കടകളിൽ പ്ലാസ്റ്റിക്ക് കൂടുകൾ സുലഭമായി ലഭിക്കുന്നുമുണ്ട് ഇപ്പോൾ. പ്ലാസ്റ്റിക്ക്കൂടുകളുടെ നിയന്ത്രണമൊന്നും ഇപ്പോൾ എവിടെയും കാണുന്നില്ല. പ്ലാസ്റ്റിക്ക് കൂടുകൾ അത്യാവശ്യത്തിന് മാത്രം മാത്രം ശ്രദ്ധയോടെ ഉപയോഗിക്കുകയും ശരിയായരീതിയിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യുന്ന ശീലത്തിലേക്ക് നമ്മൾ മടങ്ങിപ്പോകണം.

ജയചന്ദ്രൻ കെ., പ്രഥമാധ്യാപകൻ
ഗവ.ഹയർ സെക്കന്ററി സ്ക്കൂൾ
കുട്ടമത്ത്,കാസർകോട്

# കാക്ക




- 170 ലക്ഷം വർഷങ്ങൾക്കുമുൻപ് ഭൂമിയിൽ കാക്കകൾ ഉണ്ടായിരുന്നു എന്ന് തെളിയിക്കുന്ന ഫോസിലുകൾ ലഭിച്ചിട്ടുണ്ട്.
- ഏറ്റവും ബുദ്ധിയുള്ള പക്ഷികളുടെ കൂട്ടത്തിൽപ്പെട്ടവരാണ് കാക്കകൾ. ഓർമ്മശക്തിയിലും മുന്നിലാണ്.
- ലോകത്തിൽ 40 തരം കാക്കകളുണ്ട്. കേരളത്തിൽ കാണപ്പെടുന്ന കാക്കയിനങ്ങൾ ബലികാക്കയും പേനകാക്കയുമാണ്.
- മരങ്ങളിൽ കൂട്ടമായാണ് കാക്കകൾ ചേക്കേറുക.
- ഭക്ഷണകാര്യത്തിൽ വലിയ പിടിവാശികളൊന്നുമില്ല, പറ്റുന്നതെന്തും തിന്നും.
- നാം വലിച്ചെറിയുന്ന മാലിന്യങ്ങൾ കഴിച്ച് പരിസരം വൃത്തിയായി സൂക്ഷിക്കാൻ കാക്കകൾ സഹായിക്കുന്നു.

ശ്രേയ ലക്ഷ്മി ജി., ക്ലാസ്സ് - 7
സെൻറ് ജോസഫ് ആംഗ്ലോ ഇന്ത്യൻ ഗേൾസ് ഹൈസ്കൂൾ, കോഴിക്കോട്

## ഈ ഫോട്ടോ കാണാം






മരത്തിൽ വളരുന്ന
കൂൺവർഗ്ഗങ്ങളിലൊന്നാണിത്.
തൂവെള്ള നിറവും കുടയുടെ
ആകൃതിയും. ഹരിതകം
ഇല്ലാത്തതിനാൽ ഇവയെ
സസ്യങ്ങളായി കണക്കാക്കാറില്ല.
അധികദിവസം
ആയുസ്സും ഇല്ല ഇവയ്ക്ക്.
ഒരിനം ഫംഗസുകളാണ് കൂണുകൾ.

സിയ അമീന പി. പി., ക്ലാസ്സ് -9
ചക്കാലക്കൽ എച്ച്. എസ്. എസ്.
കോഴിക്കോട്

# തേനീച്ച അറിവും കൃഷിയും




**പൂ**ക്കളിൽ നിന്ന് തേൻ ശേഖരിക്കുന്നവരാണ് തേനീച്ചകൾ. പൂവിൽ പരാഗണം നടക്കുന്നതിന് തേനീച്ചകളുടെ സാന്നിധ്യം സഹായകമാവുന്നു. അങ്ങനെ പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിലും അവ മുഖ്യപങ്ക് വഹിക്കുന്നു. കാർഷിക ആവശ്യങ്ങൾക്കായും തേനീച്ചകളെ വളർത്താറുണ്ട്. കൂടുകൾ ഒരുക്കി അതിൽ തേനീച്ചകളെ വളർത്തുന്നതാണ് പൊതുരീതി. തേനീച്ചകൾ ചെയ്യേണ്ടിവരുന്ന ഏറ്റവും കഠിനമായ ജോലി തേൻസൂക്ഷിക്കുന്ന തേനടകൾ ഉണ്ടാക്കുക എന്നതാണ്. അതുകൊണ്ട് കൂടുകളിൽ നിന്ന് തേൻ ശേഖരിക്കുമ്പോൾ തേനടകൾക്ക് കേടുപറ്റാതെ സൂക്ഷിക്കണം. സീസണിൽ എട്ടു ദിവസത്തിൽ ഒരിക്കൽ തേൻ ശേഖരിക്കാം. ഒരു പെട്ടിയിൽ നിന്നും ഒരു സീസണിൽ 8 കി.ഗ്രാം വരെ തേൻ ലഭിക്കും. മലയാളികൾക്ക് തേൻ ഇന്നും ഒരു മരുന്ന് മാത്രമണ്. അത് നമ്മുടെ തീന്മേശയിലെ വിഭവമായി മാറണം.



പോൾസൺ ബിജു ജോസഫ്
ക്ലാസ്സ് - 8, സെന്റ് മൈക്കിൾസ് H.S.S.
പ്രവിത്താനം, കോട്ടയം

സിനിമാപാട്ടിലെ പ്രകൃതി

# മലമേലേ തിരി വച്ച് പെരിയാറിൻ തളയിട്ട്...




മഹേഷിന്റെ പ്രതികാരം എന്ന ചിത്രത്തിൽ ഇടുക്കി ജില്ലയെ വിശേഷിപ്പിച്ചുകൊണ്ടുള്ള ഒരു ഗാനം ഉണ്ട്. “മലമേലേ തിരി വച്ച് പെരിയാറിൻ തളയിട്ട്...“ എന്നാണ് ഈ ഗാനത്തിലെ വരികൾ തുടങ്ങുന്നത്. മലയുടെ മുകളിൽ തിരിവച്ച, പെരിയാറിന്റെ തള യിട്ട ഒരു പെൺകൊടിയായിട്ടാണ് ഇടുക്കിയെ വിശേഷിപ്പിച്ചി രിക്കുന്നത്. മലയാളക്കരയുടെ മടിശ്ശീല നിറയ്ക്കുന്ന പെണ്ണാണ് ഇടുക്കി എന്നും പറയുന്നു. അവിടുത്തെ കാറ്റിനേയും, മഴയേ യും, മഞ്ഞിനേയും ഒക്കെ വളരെ വ്യത്യസ്തമായ രീതിയിൽ അവതരിപ്പിച്ചിരിക്കുന്നതിലൂടെ ഇടുക്കിയുടെ സമഗ്രസൗന്ദര്യം ആ പാട്ടിൽ വെളിപ്പെടുന്നുണ്ട്.

മാതൃഭൂമി ആകാശപ്പച്ച
2022 ജനുവരി

കൃഷ്ണലക്ഷ്മി എസ്., ക്ലാസ്സ് - 10
ഇ.സി.ഇ.കെ. യൂണിയൻ എച്ച്. എസ്.
കുത്തിയതോട്, ആലപ്പുഴ

ഇത് അതിശയം തന്നെ

# ചിറകുള്ള പൂക്കൾ



നമ്മുടെ ചുറ്റും കാണുന്ന ജീവജാലങ്ങളിൽ വർണപ്പൊലിമയിൽ മുൻപിലാണ് ചിത്രശലഭങ്ങൾ. ചിറകുവച്ച പൂക്കൾ പോലെ പൂമ്പാറ്റകൾ പറക്കുന്ന കാഴ്ച കണ്ണിനും മനസ്സിനും ആനന്ദം നൽകും. എന്നാൽ ശരീര താപനില നിശ്ചിത പരിധിക്കു മുകളിലാണെങ്കിൽ മാത്രമേ ഇവയ്ക്ക് പറക്കാനാകൂ. അന്തരീക്ഷ താപനില നന്നേ താഴ്ന്നാൽ പൂമ്പാറ്റകൾക്ക് ചലിക്കാനാകില്ല. അതിനാൽ തണുപ്പേറിയ ധ്രുവപ്രദേശങ്ങളിൽ ഇക്കൂട്ടരെ കാണാനാകില്ല. പക്ഷികളെപ്പോലെ കാലാവസ്ഥ മാറുമ്പോൾ ദേശാടനം നടത്തുന്ന ചിലരുമുണ്ട് ഇവർക്കിടയിൽ.

മാളവിക മുരളി, ക്ലാസ്സ്-10
വിദ്യോദയ സ്കൂൾ തേവക്കൽ
എറണാകുളം

തെറ്റ് ശരി


# പതിരായിപ്പോകുന്ന പഴഞ്ചൊല്ലുകൾ

"മഞ്ഞിനൊരു കാലമുണ്ടെങ്കിൽ മഴയ്ക്കുമുണ്ടൊരു കാലം," അങ്ങനെയായിരുന്നു നമ്മുടെ കാലാവസ്ഥ. പണ്ടൊക്കെ സ്കൂൾ തുറക്കുന്നതിനോടൊപ്പം മഴക്കാലവും തുടങ്ങുകയായി. ഇടവപ്പാതി, തുലാവർഷം എന്നൊക്കെ മഴയ്ക്കും ഒരു കാലവും കണക്കുമൊക്കെ ഉണ്ടായിരുന്നു. ഇന്നീ പഴഞ്ചൊല്ലും പതിരായിപ്പോയി. കാലം തെറ്റിയ മഴയും മാഞ്ഞുപോയ മഞ്ഞും ഇടവിട്ട പ്രളയവും വരൾച്ചയും ഒക്കെ കൂടി ഇന്നൊരു ചൊല്ലുവിളിയില്ലാത്ത അവസ്ഥയിലായി കാലാവസ്ഥ.


കാലം തെറ്റിയ മഴ

മാഞ്ഞുപോയ മഞ്ഞ്

ഇടവിട്ട പ്രളയം വരൾച്ച



അവന്തിക ടി.ആർ.
ക്ലാസ്സ് - 5, D.D.S.H.S., കരിമ്പാടം
എറണാകുളം



# കാലാവസ്ഥാ വ്യതിയാനം

ഇന്ന് ലോകം നേരിടുന്ന ഒരു വലിയ വിപത്താണ് കാലാവസ്ഥാവ്യതിയാനം. പ്രകൃതിയിലേക്കുള്ള മനുഷ്യന്റെ കൈകടത്തലുകൾ കൂടുന്നതാണ് കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രധാന കാരണം. മനുഷ്യൻ കത്തിച്ചു തീർക്കുന്ന ഫോസിൽ ഇന്ധനങ്ങളിൽ നിന്ന് അന്തരീക്ഷത്തിലേക്ക് തള്ളുന്ന, കാർബൺ മോണോക്സൈഡ്, ക്ലോറോ ഫ്ളൂറോ കാർബൺ എന്നിവ മൂലമുണ്ടാകുന്ന ആഗോളതാപനം കാലാവസ്ഥാ വ്യതിയാനത്തിന്റെ വേഗം കൂട്ടുന്നു. വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പേമാരിയും പ്രളയവും അതിശൈത്യവും ചുട്ടുപൊള്ളിക്കുന്ന വേനൽക്കാലവും ഇപ്പോൾ ഒരു തുടർച്ചയായിരിക്കുന്നു. ഇനിയും പ്രകൃതിയുടെ ഈ മാറ്റം തിരിച്ചറിഞ്ഞ് വിവേകത്തോടെ പ്രവർത്തിക്കാൻ കഴിഞ്ഞില്ലെങ്കിൽ വലിയ ദുരന്തമായിരിക്കും നമ്മെ കാത്തിരിക്കുന്നത്. ലോകം ഒത്തൊരുമയോടെ മുന്നിട്ടിറങ്ങിയേ പറ്റൂ... നമ്മുടെ അമ്മയായ ഭൂമിയെ രക്ഷിക്കാൻ!

ബീന തോമസ്
സീഡ് കോ-ഓർഡിനേറ്റർ
ഇൻഫന്റ്ജീസസ് ഹൈസ്കൂൾ
വടയാർ, കോട്ടയം

പൂവറിവ്



Photo: Shutterstock

# പാഷൻ ഫ്ളവർ

Passiflora edulis


നമ്മുടെ നാട്ടിൽ സർവ്വസാധാരണമായി കാണുന്ന ഒരു പൂവാണ് പാഷൻ ഫ്ളവർ എന്ന പാസിഫ്ളോറ പൂക്കൾ. ഇതിന്റെ നടുവിൽ കുരിശാകൃതിയിൽ കാണുന്ന stigma അഥവാ പരാഗണസ്ഥലം കാരണമാണ് Passion of Christ നെ സൂചിപ്പിക്കുന്ന Passion flower എന്ന പേര് വന്നത്. പറഞ്ഞ് പറഞ്ഞ് ഫാഷൻ ഫ്രൂട്ട് എന്നും അറിയപ്പെടുന്നുണ്ട്. ഇതിന്റെ ദളങ്ങളും വിദളങ്ങളും കേസരങ്ങളും എല്ലാം ചേരുമ്പോൾ സസ്യലോകത്തെ ഒരു ഫാഷൻ ഗേൾ തന്നെയാണ് നമ്മുടെ പാഷൻ ഫ്ളവർ.

ജീന കുഞ്ചറിയ
ലൂർദ് മാതാ ഹൈസ്കൂൾ
പച്ച, ആലപ്പുഴ

# ചോദ്യത്തിന്റെ അവസാനം

ദിവസങ്ങളായി പൊത്തിനുള്ളിൽ തന്നെയാണ്. നനഞ്ഞ മണ്ണിലെ ഇരുളിൽ ഇഴഞ്ഞു തളർന്നു. തണുപ്പ് അസഹനീയമായപ്പോൾ സഹോദരങ്ങളെല്ലാം ചുറ്റിവരിഞ്ഞു കിടന്നു. അമ്മയെ കാത്തിരിക്കുകയാണ് ഞങ്ങൾ.


അമ്മയോടൊപ്പം ഇരപിടിക്കാൻ പുറത്തുപോയത് ഓർമ്മ വന്നു. സൂര്യനുദിക്കുമ്പോൾ ചിത്രകലകളുള്ള പത്തി വിടർത്തി, അമ്മ തല ഉയർത്തി അന്തസ്സോടെ അങ്ങനെ നിൽക്കും. അമ്മയെ പോലെ പ്രൗഢിയിൽ ഉയർന്നു നിൽക്കാൻ കൊതിയാണ്.



പുറത്തിറങ്ങിയാലും ആരെയും ഉപദ്രവിക്കില്ല അമ്മ. മനുഷ്യവാസമില്ലാത്ത പ്രദേശത്തിലൂടെ മാത്രമേ സഞ്ചരിക്കൂ. മനുഷ്യരുടെ കാലടികളെ ഞങ്ങൾ ഭയപ്പെട്ടു. അവർ നമ്മളെക്കാൾ വിഷമുള്ളവരാണ് എന്ന് അമ്മ പറയും.

കാത്തിരിപ്പിന്റെ അസഹനീയതയിൽ പതുക്കെ പുറത്തേക്കിഴഞ്ഞു. അധികം ഇഴയേണ്ടി വന്നില്ല. ചൂരൽ അടിയിൽ എന്റെ ദേഹമാകെ പൊട്ടി. ആളുകൾ ചുറ്റും കൂടിയിട്ടുണ്ട്. ചിലർ പേടിയോടെ നോക്കി, മറ്റുചിലർ കൗതുകത്തോടെയും. വടിയിൽ എന്നെ തൂക്കിയെടുത്ത് പാറമടയിലേക്ക് എറിയാൻ പോകുന്ന മനുഷ്യനോട് ഒരു കുട്ടി ചോദിക്കുന്നത് കേട്ടു“‘‘ “അച്ഛാ പ്രകൃതിസംരക്ഷണത്തെ കുറിച്ച് ഒരു പോസ്റ്റർ തയ്യാറാക്കി തരുമോ?” “‘‘

ശിവനന്ദ് ടി. ഷൈൻ, ക്ലാസ്സ് -7
എസ്.എൻ.യു.പി.എസ്.
പോത്തിൻകണ്ടം, ഇടുക്കി



# അമ്മ

ഏതിനും മീതെ
സ്നേഹിക്ക പ്രകൃതിയെ
ഏതിനും അവളല്ലോ അമ്മ,
ആയമ്മയും പെറ്റമ്മയും.
തെളിനീരുറവയായൊഴുകുന്ന പോലെ,
തളിരിടും മാമരമെന്ന പോലെ,
മണ്ണിന്റെ കുളിരാം പച്ചപ്പു പോലെ,
വിത്തൊന്നിനൊരുമേനി വിളവുപോലെ
ഒന്നൊഴിയാതെ നാം കാണുമീക്കാഴ്ചകൾ
പ്രകൃതി തൻസ്നേഹമെന്നറിഞ്ഞിടേണം
ഏതിനും മീതെ സ്നേഹിക്കണം
ഏതിനും പോന്നവളല്ലോ അമ്മ!

ഗൗരിനന്ദ, ക്ലാസ്സ് - 9
സെന്റ് പാട്രിക് സ്കൂൾ
മാനന്തവാടി, വയനാട്



ഓരോ വരയിലും
വാക്കിലും
അമ്മയോട്,
പ്രകൃതിയോടാണ്
നമുക്ക് ബന്ധം.
അത്
മറക്കരുത്.

Mathrubhumi Seed

Student Empowerment for Environmental Development

IN PARTNERSHIP WITH FEDERAL BANK

മാതൃഭൂമി

# ആകാശപ്പച്ച

ആകാശപ്പച്ചയിലേക്കുള്ള
രചനകളും നിർദേശങ്ങളും
akashapacha@mpp.co.in
എന്ന വിലാസത്തിലേക്ക്
അയക്കാം. വിശദവിവരങ്ങൾക്ക്
സീഡ് ജില്ലാ കോ-
ഓഡിനേറ്റർമാരോട് സംസാരിക്കാം.

Published by Mathrubhumi Seed

മാതൃഭൂമി
ആകാശപ്പച്ച
2022 ജനുവരി